## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4047          21.10.2016 ൽ മറുപടിയ്ക്ക്**

### സി.എൻ.ജി. ഇന്ധനം ഉപയോഗിച്ചുള്ള വാഹനങ്ങൾ

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.എം.വിൻസെന്റ് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സി.എൻ.ജി. ഇന്ധനം ഉപയോഗിച്ചുള്ള വാഹനങ്ങൾ ഓടിക്കുന്നതിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കേണ്ടത്എന്ന് വ്യക്തമാക്കുമോ ; | (എ) | സി.എൻ.ജി. ഇന്ധനം ഉപയോഗിച്ചുള്ള വാഹനങ്ങൾ ഓടിക്കുന്നതിന് പ്രധാനമായും സി.എൻ.ജി. ലഭ്യമായിട്ടുള്ള ഫ്യൂവലിംഗ് സ്റ്റേഷനുകൾ ആവശ്യമാണ്. ഇതു കൂടാതെ നിലവിലുള്ള വാഹനങ്ങൾ സി.എൻ.ജി. വാഹനമാക്കി മാറ്റുന്നതിനാവശ്യമായ കൺവേർഷൻ കിറ്റുകൾ ലഭ്യമാക്കേണ്ടതായുണ്ട്. |
| (ബി) | സി.എൻ.ജി. ഫില്ലിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിവരിക്കുമോ; | (ബി) | കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം എന്നീ നഗരങ്ങളുടെ പരിധിയിൽ സിറ്റി ബസ്സുകൾ, ഓട്ടോറിക്ഷകൾ, മോട്ടോർ കാബുകൾ എന്നീ വാഹനങ്ങളിൽ സി.എൻ.ജി. ഇന്ധനമായി ഉപയോഗിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. സി.എൻ.ജി. ഫില്ലിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് ഇന്ധനക്കമ്പനികളുമായി നടത്തിയ ചർച്ചയിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ഒരു വർഷത്തിനുള്ളിൽ ഏറ്റവും കുറഞ്ഞത് 5 ഫ്യൂവലിംഗ് സ്റ്റേഷനുകൾ വീതമെങ്കിലും സ്ഥാപിക്കാം എന്ന് കമ്പനികൾ ഉറപ്പ് നൽകുകയുണ്ടായി. |

| | | | |
|---|---|---|---|
| (സി) | ഇതു സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (സി) | ഉണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ഒരു വർഷത്തിനുള്ളിൽ ഏറ്റവും കുറഞ്ഞത് 5 ഫ്യൂവലിംഗ് സ്റ്റേഷനുകൾ വീതമെങ്കിലും സ്ഥാപിക്കാം എന്ന് കമ്പനികൾ ഉറപ്പ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ